# Desabhiamni’

# 21 August 2018

# New Delhi; After Flood Relivef Fund

## ഗുരുതര സ്വഭാവമുള്ള ദുരന്തം: കേന്ദ്രം

**ആകസ്മിക സാഹചര്യങ്ങളെ നേരിടാനുള്ള ദേശീയ ദുരന്ത ഫണ്ടിൽ നിന്ന് കൂടുതൽ തുക ലഭിക്കാൻ അവസരം**

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

കേരളത്തിലെ പ്രളയത്തെ ഗുരുതര സ്വഭാവമുള്ള പ്രകൃതിദുരന്തമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ചു. കേരളത്തിലുണ്ടായ പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും തീവ്രതയും വ്യാപ്തിയും പരിഗണിച്ച് ഗുരുതര സ്വഭാവമുള്ള പ്രകൃതിദുരന്തമായി പ്രഖ്യാപിക്കുന്നുവെന്നാണ് ആഭ്യന്തരമന്ത്രാലയം അറിയിച്ചത്.

ഈ പ്രഖ്യാപനം വന്നതോടെ കൂടുതൽ സഹായങ്ങൾ നൽകാൻ കേന്ദ്രസർക്കാരിന് ബാധ്യതയുണ്ട്. ദേശീയ ദുരന്തനിവാരണ സേനയുടെ കൂടുതൽ ഇടപെടൽ ഉണ്ടാകും. ദുരന്ത നിവാരണ ഫണ്ട് (സിആർഎഫ്) രൂപീകരിക്കും. ഇതിൽ 3:1 എന്ന നിലയിലാവും കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതം. ഈ ഫണ്ടിലുള്ള തുക അപര്യാപ്തമായി വന്നാൽ ആകസ്മിക സാഹചര്യങ്ങളെ നേരിടാനുള്ള ദേശീയ ദുരന്ത ഫണ്ടിൽ (എൻസിസിഎഫ്) നിന്ന് കൂടുതൽ തുക അനുവദിക്കും. എൻസിസിഎഫ് പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ വിഹിതമാണ്.

വായ്പാതിരിച്ചടവുകൾ ഇളവു ചെയ്യാനും പുത്തൻ വായ്പകൾ സൗജന്യനിരക്കിൽ ലഭ്യമാക്കാനും ഈഫണ്ടിൽനിന്ന് പണം ചെലവഴിക്കാനാകും. വിദേശ സഹായം ലഭ്യമാകുന്നതിനും പ്രഖ്യാപനം സഹായിച്ചേക്കും. ദുരന്തത്തെ ഗുരുതര സ്വഭാവമുള്ളതായി പരിഗണിച്ച സാഹചര്യത്തിൽ രാജ്യത്തെ എല്ലാ എംപിമാർക്കും അവരുടെ വികസനഫണ്ടിൽനിന്ന് ഒരു കോടി രൂപവരെ ദുരിതാശ്വാസഫണ്ടിലേക്ക് നൽകാനുമാകും.

ഉത്തരാഖണ്ഡിലുണ്ടായ വെള്ളപ്പൊക്കം, ഹുദ് ഹുദ് ചുഴലിക്കാറ്റ് എന്നിവ ഗുരുതര സ്വഭാവമുള്ള പ്രകൃതിദുരന്തമായി പ്രഖ്യാപിച്ചിരുന്നു.